"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി -ജി.ജി ഹോസ്പിറ്റൽ- കുമാരപുരം-പൂന്തി എൻ.എച്ച്.ബൈപാസ് റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28A പ്രകാരമുള്ള തുക കക്ഷിയായ ശ്രീ. തുളസീധരന് "4217-60-800-93 (Plan)" എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.840/2024/LSGD തീയതി,തിരുവനന്തപുരം, 09-05-2024

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം. 32/2019/ധന തീയതി 18/03/2019.
2. ബഹു. തിരുവനന്തപുരം അഡീഷണൽ സബ് കോടതിയുടെ 21/12/2019ലെ എൽ.എ.ആർ. 361/09 & 604/09 നമ്പർ കേസുകളിലെ വിധിന്യായം.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 10/10/2023ലെ കെ16.636246/2023 നമ്പർ നടപടിക്രമം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 15/11/2023ലെ എസ്1/909/2021/ട്രിഡ (3) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി ഹോസ്പിറ്റൽ- കുമാരപുരം-പൂന്തി എൻ.എച്ച്.ബൈപാസ് റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28A പ്രകാരം കക്ഷിയായ ശ്രീ. തുളസീധരൻ സമർപ്പിച്ച അപേക്ഷയിൽ ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 14,82,325/ - (പതിനാല് ലക്ഷത്തി എൺപത്തിരണ്ടായിരത്തി മുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) അനുവദിക്കണമെന്ന് ട്രിഡ സെക്രട്ടറി പരാമർശം (4) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി ഹോസ്പിറ്റൽ- കുമാരപുരം-പൂന്തി എൻ.എച്ച്.ബൈപാസ് റോഡിന്റെ വികസനത്തിനായി കടകംപള്ളി വില്ലേജിലെ Sy No. 1673 Part ഉൾപ്പെട്ട 0.30 ആർസ് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു. തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ. 361/2009 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പൊന്നുംവില നിയമം സെക്ഷൻ 28A പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 14,82,325/ - (പതിനാല് ലക്ഷത്തി എൺപത്തിരണ്ടായിരത്തി മുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) "4217-60-800-93 (Plan)" എന്ന ശീർഷകത്തിൽ നിന്നും ശ്രീ. തുളസീധരന് (T.C.79/2503, വാറുവിളാകത്ത് വീട്, വെൺപാലവട്ടം, ആനയറ പി.ഒ. തിരുവനന്തപുരം) അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)

ശ്രീ. തുളസീധരൻ, T.C.79/2503, വാറുവിളാകത്ത് വീട്, വെൺപാലവട്ടം, ആനയറ പി.ഒ. തിരുവനന്തപുരം.

ജില്ലാ കളക്ടർ, തിരുവനന്തപുരം

ഡെപ്യൂട്ടി കളക്ടർ (എൽ.എ.), തിരുവനന്തപുരം.

സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ (File No. IA2/191/2023)

ഉത്തരവിൻ പ്രകാരം

Signed by

Vijitha M B

Date: 09-05-2024 17:05:20

സെക്ഷൻ ഓഫീസർ